**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1492** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനായി രൂപീകരിച്ച കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ;

**<u>മറുപടി:</u>** മുൻ ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി അധ്യക്ഷനായി രൂപീകരിച്ച 12-ാം ശമ്പള പരിഷ്കരണ കമ്മീഷന് 05.03.2026-ലെ ജി.ഒ. (എം.എസ്.) 37/2026/ധന. ഉത്തരവ് പ്രകാരമാണ് പരിഗണനാ വിഷയങ്ങൾ (Terms of reference) നിശ്ചയിച്ച് നൽകിയത്. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനായിരുന്നു സർക്കാർ കമ്മീഷനോട് നിർദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത മൂന്ന് മാസത്തെ കാലാവധി നിലവിൽ പൂർത്തിയായിട്ടുണ്ടെങ്കിലും കമ്മീഷൻ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെയും ലക്ഷക്കണക്കിന് വരുന്ന ജീവനക്കാരുടെ ജീവിതത്തെയും ബാധിക്കുന്ന സുപ്രധാനമായ ഒരു വിഷയമായതിനാൽ വളരെ വിപുലമായ നടപടിക്രമങ്ങളിലൂടെ മാത്രമേ ശമ്പള പരിഷ്കരണത്തിൽ ഒരു സമഗ്ര റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. വിവിധ സർവീസ് സംഘടനകളിൽ നിന്നുള്ള നിവേദനങ്ങൾ സ്വീകരിക്കുക, തെളിവെടുപ്പുകൾ നടത്തുക, വ്യത്യസ്ത വകുപ്പുകളിലെ തസ്തികകളും ശമ്പള സ്കെയിലുകളും സൂക്ഷ്മമായി പരിശോധിക്കുക തുടങ്ങിയ വലിയ രീതിയിലുള്ള വിവരശേഖരണം ഇതിനായി ആവശ്യമാണ്. കമ്മീഷന്റെ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ, ഈ വിവരശേഖരണവും മറ്റ് നടപടികളും പൂർത്തിയാക്കി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനായി കമ്മീഷന്റെ കാലാവധി അനുയോജ്യമായ രീതിയിൽ ദീർഘിപ്പിച്ച് നൽകണമോ എന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**(ബി)** കമ്മീഷന്റെ കാലാവധി എന്നുവരെ ആണെന്നും പരിഗണന വിഷയങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; കാലാവധി നീട്ടിനൽകുന്നതിന് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ശമ്പള പരിഷ്കരണം എപ്പോൾ നടപ്പാക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**